സി1/25093/റ്റിസി/2015

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം
ട്രാൻസ് ടവേഴ്സ്, തിരുവനന്തപുരം
തീയതി: 24-11-2015

## സർക്കുലർ നം.26/2015

**വിഷയം: മോട്ടോർ വാഹന വകുപ്പ്-അന്യ സംസ്ഥാന ലൈസൻസുകളുടെ ഉപയോഗം നിയന്ത്രിക്കുന്നത്-സംബന്ധിച്ച്**

**സൂചന: കൊണ്ടോട്ടി, പൊന്നാനി എന്നിവിടങ്ങളിലുണ്ടായ അപകടമരണങ്ങളുടെ പശ്ചാത്തലത്തിൽ**

മേൽ വിഷയത്തിലേക്ക് അടിയന്തിര ശ്രദ്ധ ക്ഷണിച്ചു കൊള്ളുന്നു. മണിപ്പൂർ, നാഗലാന്റ്, മേഘാലയ തുടങ്ങിയ വടക്കു കിഴക്കൻ സംസ്ഥാനങ്ങളിൽ നിന്നും ഇഷ്യൂ ചെയ്തിട്ടുള്ള ലൈസൻസ് ഉപയോഗിച്ച് നിരവധിപേർ കേരളത്തിൽ ട്രാൻസ്പോർട്ട് വാഹനങ്ങൾ ഓടിക്കുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്. വാഹന പരിശോധന നടത്തുമ്പോൾ ഇത്തരത്തിലുള്ള ലൈസൻസുകളുടെ ആധികാരികത ഉറപ്പു വരുത്തേണ്ടതാണ്. അന്യ സംസ്ഥാന ലൈസൻസ് കാണുമ്പോൾ അവർ ഏത് സാഹചര്യത്തിലാണ് അന്യ സംസ്ഥാനത്തു നിന്നും ലൈസൻസ് എടുത്തത് എന്നുള്ള കാര്യം ആരായേണ്ടതാണ്. ലൈസൻസുകളെ പറ്റി സംശയമുള്ള പക്ഷം രസീത് നൽകി അവ പിടിച്ചെടുക്കേണ്ടതും, അവയുടെ നിജസ്ഥിതി അതു നൽകിയ സംസ്ഥാനങ്ങളിലെ അധികാരികളിൽ നിന്നും അന്വേഷിക്കേണ്ടതുമാണ്. ലൈസൻസുകൾ വ്യാജമാണെന്ന് തെളിയുന്ന പക്ഷം ഇത്തരത്തിലുള്ള ലൈസൻസ് ഉപയോഗിച്ച വ്യക്തിക്കെതിരെ മോട്ടോർ വാഹന നിയമം, ഇൻഡ്യൻ പീനൽ കോഡ് എന്നിവ പ്രകാരം കർശന നടപടികൾ സ്വീകരിക്കേണ്ടതുമാണ്. മണിപ്പൂർ, നാഗലാന്റ്, മേഘാലയ എന്നീ സംസ്ഥാനങ്ങളുടെ പേരിലുള്ള വ്യാജ ലൈസൻസുകൾ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും നൽകുന്നതായി റിപ്പോർട്ടുകളുണ്ട്. ഈ ലൈസൻസുകളുടെ വ്യാജ ഉറവിടങ്ങൾ കണ്ടെത്തുവാൻ കഴിയുന്നെങ്കിൽ അക്കാര്യം പോലീസ് വകുപ്പിനെ അറിയിക്കേണ്ടതും തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

ഒപ്പ്
ടോമിൻ.ജെ.തച്ചങ്കരി, ഐപിഎസ്
ട്രാൻസ്പോർട്ട് കമ്മീഷണർ

അംഗീകാരത്തോടെ

ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ &
സെക്രട്ടറി, സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റി

സ്വീകർത്താവ്

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാരും
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും